
REV.FR.T.C.M.M.U.P.SCHOOL
MULAPPURAM
ACADEMIC
MASTER PLAN
2025 - 26
Made with PosterMyWall.com

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അഭേദ്യമും ആസ്വാദ്യകരമാക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കുപുറമേ കല, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## Rev. Fr. T. C. M. M. U. P. S. Mulappuram.

### Academic Master Plan - 2025- 2026

STD : I - 2025-2026.

English Master plan.

Aim Objectives and learning outcomes.

- Respond to simple instructions in the class room.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and signs them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures

<u>June</u>

- Introduce symbol words.
- Provides picture cards.

<u>July</u>

- Identifies familiar words.
- Say familiar words.
- Read familiar words.
- Write familiar words.

<u>August</u>

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives

<u>September</u>

- Read and write simple words and simple sentences.
- Provides picture cards and reading cards.

<u>October</u>

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

<u>November</u>

- Prepare reading cards.
- Provide more opportunities to read, right and speak English.

- Writes five English words daily.

December.

- Read and understand simple instructions in the class room.
- Encourage digital reading.

January:

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February.

- Provide the oppertunity to express myself in the class room.
- English assembly once in a week.
- speaks English fluently.
- Read and write simple sentences.

# Academic Master Plan - 2025- 2026.

## ഗണിതം. Class-I

<u>ലക്ഷ്യങ്ങൾ</u> :

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റക്കസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം.

- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

<u>ജൂൺ</u>

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

<u>ജൂലൈ</u>

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.

- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്കസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.

- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.
- ഗണിത ആൽബം തയ്യാറാക്കൽ.

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം P.T.A. യിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ ചെയ്യുന്നു.
- ലളിതമായ ഗണിതകേളികളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26 STD-I

## മലയാളം

ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- കുട്ടികൾക്ക് സ്വന്തം ആശയം ചെറു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാൻ കഴിവുള്ളവരാക്കുക.
- ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും.

ജൂൺ

→ ടീച്ചറും കുട്ടികളും കഥ പറയൽ.

→ നിറം നൽകുന്നതിനുള്ള അവസരം.

→ പേശീചലന വികാസത്തിനുതകുന്ന കളികളിൽ ഏർപ്പെടൽ.

→ വായനാസാമഗ്രികൾ ഒരുക്കൽ.

→ പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്കുള്ള ക്ലാസ്.

→ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

→ വ്യക്തിശുചിത്വം, പരിസര ശുചിത്വം.

→ ആരോഗ്യം, വ്യായാമം, കായികക്ഷമത.

→ ലഹരികൾ അപകടം

→ വൈദ്യുതി സംരക്ഷണം

→ പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

**ജൂലൈ**

→ ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ

→ ചിത്രവായന നടത്തി കാര്യങ്ങൾ വാചികമായി പറയുന്നു.

→ ക്ലാസ് ലൈബ്രറി ഒരുക്കൽ (വായനമൂല)

→ സംയുക്ത ഡയറി എഴുതി തുടങ്ങുന്നു.

→ സ്വതന്ത്ര ചിത്ര രചന നടത്തി കളർ നൽകുന്നു.

## [illegible]

→ ചിത്രകാർഡുകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ

→ കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പഠനോപകരണങ്ങളുടെയും സഹായത്തോടെ അവതരിപ്പിക്കാൻ അവസരം

→ ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തി വായന

→ അക്ഷരങ്ങൾ ചേർന്ന് പദങ്ങൾ എഴുതൽ

→ പദങ്ങൾ വട്ടം വരയ്ക്കൽ

→ സംയുക്ത ഡയറിയെഴുത്ത് തുടർച്ച.

→ കുഞ്ഞെഴുത്ത് പുസ്തകം പൂർത്തീകരിക്കൽ

## സെപ്റ്റംബർ

- ചിത്രവായന നടത്തി ആശയകാര്യങ്ങൾ വാചികമായി പങ്കിടുന്നു.
- ചിത്രങ്ങൾക്ക് ലഘുവായ അടിക്കുറിപ്പ് തയ്യാറാക്കൽ
- ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ
→ ഉറച്ച് വായന, വ്യക്തിവായന, സഹായ വായന എന്നിവ നടത്തുന്നു.
→ ചിഹ്നങ്ങൾ ഉറപ്പിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
→ ലഘുവായ വായന കാർഡുകൾ വായിക്കുന്നു.
→ സംയുക്ത ഡയറി എഴുതിത്തുടങ്ങുന്നു.

## ഒക്ടോബർ

→ ചിത്രവായനയിലൂടെ ലഘുവാക്യങ്ങൾ കണ്ടെത്തുന്നു.
- വായനാകാർഡുകൾ ഒറ്റയ്ക്കും വ്യക്തിഗതമായും വായിക്കുന്നു.
- സംയുക്ത ഡയറി മെച്ചപ്പെടുത്തി എഴുതൽ

→ പതിപ്പ് തയ്യാറാക്കൽ
→ കൂട്ടെഴുത്ത് പൂർത്തിയാക്കൽ.
→ വേദികളിൽ സ്വന്തമായി കഥ പറയൽ, സംയുക്തഡയറി വായന

## നവംബർ

→ വായനക്കാർഡുകളും TB പേജുകളും വായിക്കുന്നു.
→ സ്വന്തമായി കഥയെഴുതാനുള്ള സാഹചര്യം സൃഷ്ടിക്കൽ.
→ കുട്ടികളുടെ വായന സാമൂഹ്യമാധ്യമങ്ങളിലൂടെ പങ്കിടുന്നു.
→ സംയുക്തഡയറി 2, 3 വരികളിൽ എഴുതുന്നു.

## ജനുവരി

→ കഥാ ചിത്രങ്ങൾ നോക്കി കഥ വായിക്കുന്നു.
→ വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.
→ ബാലസാഹിത്യ കൃതികൾ വായിക്കാൻ ശ്രമിക്കുന്നു.
→ രക്ഷിതാക്കളുടെ പിന്തുണയോടെ കഥയെഴുതൽ.

- സംയുക്ത ഡയറി എഴുതിവായന.
- കുഞ്ഞെഴുത്ത് unit അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നു.

## ഫെബ്രുവരി

- സ്വതന്ത്ര വായന
- പണസമ്പാദ്യ ശീലങ്ങളെ വായിക്കുന്നു.
- ലഘു രചനാ സൃഷ്ടികൾ പൂർത്തീകരിക്കുന്നു.
- സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## മാർച്ച്

- വായനോത്സവം
- രചനോത്സവം
- പഠനോത്സവം.

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

# Std - II ഗണിതം 2025-'26

**ലക്ഷ്യങ്ങൾ**

→ സംഖ്യാബോധം

→ സംഖ്യകളുടെ വ്യാഖ്യാനിക്കൽ

→ സങ്കലനം, വ്യവകലനം, പ്രശ്നപരിഹരണം, എന്നിവയിലുള്ള ശേഷി ഉറപ്പാക്കൽ

→ സംഖ്യാ ബോധവും ക്രിയാശേഷികളും ആത്മവിശ്വാസവും നേടിയെടുക്കുന്നതിന്.

→ ഗണിതത്തിന് ഉപയോഗിച്ച് ഗണിതാശയങ്ങൾ പരിചയിക്കൽ.

→ മൂർത്ത ഗണിത സാധനങ്ങൾ ഉപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടൽ.

## പ്രവർത്തനങ്ങൾ

### ജൂൺ

→ സംഖ്യാ രീതികളെണ്ണത്തിലെ യുക്തി കണ്ടെത്തി ഉറപ്പിക്കൽ

ചിത്രങ്ങൾ

eg → 10, 20, 30, ...

→ 100, 200, 300, ...

→ ഗണിത കേളികളിൽ ഏർപ്പെടൽ

→ സംഖ്യാഗാനങ്ങൾ താളാത്മകമായി പാടി രസിക്കൽ.

**ജൂലൈ / ആഗസ്റ്റ്**

→ സംഖ്യാ രേഖയും ക്രിയാരേഖയും ഉപയോഗിച്ചും നേരിട്ടു കൂട്ടുന്നതിന്

→ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

→ സംഖ്യകളുടെ വിഭജനങ്ങൾ കണ്ടെത്തൽ

→ ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ ങ്ങളിൽ ഉൾപ്പെടുത്തൽ.

## നേട്ടങ്ങൾ / ഉദ്ദേശ്യങ്ങൾ

→ ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

→ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ

→ ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

→ വില വിവരപ്പട്ടിക തയ്യാറാക്കൽ

→ ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ (ഗണിതകട)

→ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

→ ഒറ്റയക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം, 2 രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം.

→ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്

നങ്ങൾ നിർധാരണം ചെയ്യുന്നു.

## നവംബർ

- സംഖ്യാ ബോധവും ക്രിയാ ശേഷികളും.
- സംഖ്യാ പാറ്റേണുകൾ രൂപീകരിച്ച് പാറ്റേണിലെ സംഖ്യ കൾക്ക് തമ്മിൽ നിശ്ചിത വ്യത്യാസമുണ്ടെന്ന് കണ്ടെത്തൽ.
- സ്ഥാന വില തിരിച്ചറിയൽ
- നോട്ടുകളുടെ ഉപയോഗം
- നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് പ്രശ്നം പരി ഹരിക്കൽ.

## ഡിസംബർ / ജനുവരി

- സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ
- ദൈനംദിന ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഉള്ള ശേഷി നേടുന്നു.

– സംഖ്യാബോധം, തിരിച്ചറിയൽ (സംഖ്യകളെ) സംഖ്യാവ്യാഖ്യാനം വിശദം ഉറപ്പിക്കുന്നു.

– ഏകദേശ വില കണ്ടെത്തൽ

– രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

– വില വിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തിപ്പറയൽ പ്രശ്നം നിർദ്ധാരണം ചെയ്ത് തുക കണ്ടെത്തിപ്പറയൽ.

– സങ്കലന, വ്യവകലന പ്രശ്നങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

## ഫെബ്രുവരി / മാർച്ച്

– പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

– കലണ്ടറിനെ പറ്റി വ്യക്തമായ ധാരണ കിട്ടുന്നു.

– ഗണിത അഭ്യാസ കളികൾ

- ഉപകരണങ്ങളിൽ ഗണിതാലാപനം നടത്താൻ.
- ഗണിത പഠനം കുട്ടികളിൽ ഉറപ്പിച്ച് നിലനിർത്താൻ വഴിയൊരുക്കൽ.
- കളികൾ, പതിവ് ശൈലികൾ, പാട്ടുകൾ ചിത്രങ്ങൾ (ഗണിതരൂപങ്ങൾ), സംഖ്യകൾ - എന്നിവയിലൂടെ വർദ്ധിപ്പിക്കാൻ.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26 Std - III

## മലയാളം

ലക്ഷ്യങ്ങൾ

→ സംഘ പ്രവർത്തനങ്ങളിലൂടെ ജീവിത മൂല്യങ്ങൾ സ്വാംശീകരിക്കും.

→ കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

→ ഭാവം ഉൾക്കൊണ്ട് വായിക്കും

→ കഥ, കവിത, നാടൻപാട്ട് കടങ്കഥ തുടങ്ങിയവ ആസ്വദിക്കാനാവുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യും.

→ സർഗാത്മക രചനകൾ (കഥ, കവിത, ഡയറി, വിവരണം) നടത്തും.

→ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും (വിവരണം, സംഭാഷണം)

- കഥ, കഥാഗാനം എന്നിവയുടെ ഭാഗങ്ങൾ നാടകീകരണം.

**ജൂൺ / ജൂലൈ**

- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥ ശേഖരണം
- കവിതയിലെ ഏതെങ്കിലും ഭാഗം ചിത്രീകരണം.
- ക്ലാസ് ലൈബ്രറി നവീകരണം
- കലോത്സവം (നാടൻ പാട്ടുകളുടെ, കഥകളുടെ അവതരണം
  ശില്പശാല)
- കടങ്കഥ, പതിപ്പ് തയ്യാറാക്കൽ
- കലാ രൂപങ്ങൾ ചിത്ര ശേഖരണം.

## ആഗസ്റ്റ്, സെപ്റ്റംബർ

<u>പ്രവർത്തനങ്ങൾ</u>

→ ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വെയ്ക്കൽ

→ റോൾ പ്ലേ അവതരണം

→ ആഹാരവുമായി ബന്ധപ്പെട്ട് പാട്ട് ശേഖരണം.

→ പാചക കുറിപ്പ് തയ്യാറാക്കൽ

→ കഥകൾ, കവിതകൾ

→ ഹരിത കർമ്മ സേനാംഗങ്ങളുമായി അഭിമുഖം.

→ സ്കൂൾ ശുചിത്വ പരിപാടിയിൽ പങ്കെടുക്കൽ.

– പത്രവാർത്ത വായന

– നാടോടിക്കഥകൾ, നാടൻ പാട്ടുകൾ, വായ്ത്താരി എന്നിവയുടെ അവതരണം.

## ഒക്ടോബർ

→ കൃഷിയിടം സന്ദർശനം.
→ കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ ശേഖരണം
→ കുട്ടിക്കളികൾ, കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ, വിവരണം പതിപ്പ്.
→ നാടൻ പാട്ട് ശേഖരണവും അവതരണവും.

## നവംബർ / ഡിസംബർ

→ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ
→ പഴഞ്ചൊല്ലുകൾ വ്യാഖ്യാനിക്കൽ
→ വായനാ പരിപോഷണം
→ സർഗ്ഗാത്മക രചനകൾ നടത്തുക.
→ എഴുത്ത് കൂട്ടം വായനക്കൂട്ടം രൂപീകരണം
→ ചിത്രമായി വായനക്കാർഡ് തയ്യാറാക്കൽ

## Std 2. പരിസരപഠനം

ലക്ഷ്യം: ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. പ്രത്യേകതകൾ അനുസരിച്ച് സസ്യങ്ങളെ തരം തിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.

| പ്രവർത്തനം | കാലയളവ് |
|---|---|
| • ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷങ്ങൾ, സസ്യങ്ങൾ ഇവ നിരീക്ഷിക്കുന്നു. ഒരു മരം വയ്ക്കുന്നു. നിറം നൽകുന്നു. | ജൂൺ |
| • വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ടുവരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു. ഇലകളുടെ പ്രത്യേകതകൾ ആകൃതി, നിറം, മണം, വലുപ്പം ഇവ ചർച്ച ചെയ്യുന്നു. | ജൂലൈ |

| പ്രവർത്തനം | കാലയളവ് |
| --- | --- |
| × ഇലയുടെ ധർമം തിരിച്ചറിയുന്നു. ഉപയോഗം കണ്ടെത്തുന്നു പട്ടികപ്പെടുത്തുന്നു. | ആഗസ്റ്റ് |
| × ടീച്ചർ ഒരു ചെടി പിഴുത് ക്ലാസിൽ കൊണ്ടുവരുന്നു. ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ചെടി വരയ്ക്കുന്നു. ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു | സെപ്റ്റംബർ. |
| × വിത്ത് മുളപ്പിക്കൽ, നിരീക്ഷണം. ഓരോ ദിവസത്തെയും മാറ്റങ്ങൾ കണ്ടെത്തുന്നു. | ഒക്ടോബർ |
| × ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു. നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു. | നവംബർ |

| പ്രവർത്തനം | കാലയളവ് |
| --- | --- |
| കുട്ടികൾ വിവിധ നടീൽ വസ്തുക്കൾ കൊണ്ടുവരുന്നു. നടുന്ന ഭാഗങ്ങൾ പരിചയപ്പെടുന്നു. നടാൻ ഉപയോഗിക്കുന്ന ഭാഗങ്ങൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുന്നു. | ഡിസംബർ |
| * സസ്യങ്ങളുടെ ചെറുതൈകൾ നൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെ കുറിച്ച് പറയുന്നു. ലഘുകുറിപ്പുകൾ തയാറാക്കുന്നു. | ജനുവരി |
| ക്ലാസ് PTA മാസ്റ്റർ പ്ലാൻ അവലോകനം | ഫെബ്രുവരി |

# മലയാളം - Std II

ആമുഖം:

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ തലങ്ങളിൽ കുട്ടികൾ ഉയർന്നു വരുന്നതിനാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. എല്ലാ കാര്യങ്ങളിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായിത്തീരണം എന്നതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ :

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
* സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* കൂടുതൽ കഥാപുസ്തകങ്ങൾ വായിക്കുന്നതിന് അവസരമൊരുക്കുന്നു.

സംയുക്തഡയറി:

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആശയം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വന്ത രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ചിത്ര കാർഡുകൾ നൽകൽ, ഭാഷണത്തിന് ക്ലാസിൽ അവസരങ്ങളൊരുക്കൽ, വായനാസാമഗ്രികൾ നിർമിക്കൽ | ജൂൺ |
| ആശയഗ്രഹണ വായന ഉറപ്പാക്കൽ | വായനയും എഴുത്തും വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ | ജൂലൈ |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കൽ | വായിച്ച കഥയെ സംഭാഷണമാക്കൽ, കുട്ടികളുടെ പുസ്തക പരിചയ പരിപാടി, കഥാ പുസ്തകങ്ങൾ വായന, വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ, വായിച്ച കഥയിൽ നിന്നും ഉത്തരങ്ങൾ കണ്ടെത്തൽ | ആഗസ്റ്റ് |
| ആശയഗ്രഹണ വായന | വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ, വായിച്ചറിഞ്ഞ കഥയിൽ നിന്നും സംഭാഷണങ്ങൾ ഉണ്ടാക്കൽ | സെപ്റ്റംബർ |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ക്ലാസിലെ എല്ലാ കുട്ടികളെയും അക്ഷരത്തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ എഴുതാൻ കഴിവുള്ളവരാക്കുക | പാട്ടുകൾ, പ്രകൃതിനടത്തം, യാത്രാവിവരണം, ഭാഷണം, ലേഖനത്തിന് അവസരങ്ങൾ, കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ, എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിന് | ഒക്ടോബർ |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| കുട്ടികളുടെ പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കൽ | വായനാ സാമഗ്രികൾ നൽകൽ<br>ഉദാ: ആന<br>വലിയ ആന<br>കറുത്ത വലിയ ആന<br>ചിത്ര വിവരണം,<br>യാത്രാ വിവരണം, കഥകൾ | നവംബർ |
| വാക്യങ്ങൾ അക്ഷര തെറ്റുകളില്ലാതെ എഴുതുന്നതിന് | ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ, രചനകൾ തയ്യാറാക്കൽ ഇവയ്ക്ക് അവസരമൊരുക്കുന്നു. | ഡിസംബർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഈണം, താളം എന്നിവ പരിശീലിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുന്നു. | വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരങ്ങളൊരുക്കൽ, ലഘുവിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരമൊരുക്കൽ | ജനുവരി |
| ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം എന്നിവ തയാറാക്കുന്നു. | അറിയിപ്പുകൾ, ചെറിയ പോസ്റ്ററുകൾ തയാറാക്കുന്നതിന് അവസരമൊരുക്കൽ, കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ | ഫെബ്രുവരി |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | വ്യക്തിഗത രചനയെ പഠിപ്പിക്കൽ, ഓരോ കുട്ടിക്കും പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ, CPTA യിൽ അവതരിപ്പിക്കുന്നതിന് അവസരമൊരുക്കൽ | മാർച്ച് |

Std III ഗണിതം

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| സംഖ്യാക്രമീകരണം | സംഖ്യാക്രമീകരണത്തിലെ യുക്തി കണ്ടെത്തി പാറ്റേൺ പൂർത്തിയാക്കൽ<br>10, 20, 30, ----, ----, ----<br>5, 10, 15, ----, ----, ----<br>1, 3, 5, ----, ----, ----<br>2, 4, 6, ----, ----, ---- | ജൂൺ |
| സംഖ്യാബോധവും ക്രിയാശേഷിയും ഇല്ലാത്തവരിലും നേടിയെടുക്കേണ്ടതിന് | പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | ജൂലൈ, ആഗസ്റ്റ് |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്തൽ | പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ<br>വിലവിവരപ്പട്ടിക തയാറാക്കൽ<br>രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം<br>രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം<br>സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സംഖ്യാബോധവും ക്രിയാശേഷിക്കും രൂപപ്പെടുത്തൽ | സംഖ്യാപാഠങ്ങൾ രൂപീകരിച്ച് പാഠത്തിലെ സംഖ്യകൾക്ക് തമ്മിൽ ബന്ധമുണ്ടെന്ന് കണ്ടെത്തൽ<br>സ്ഥാന വില തിരിച്ചറിയൽ | നവംബർ |
| പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ | നോട്ടുകളുടെ ഉപയോഗം<br>നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് പ്രശ്നം പരിഹരിക്കൽ | ഡിസംബർ |
| സംഖ്യാബോധവും ക്രിയാശേഷിയും ഉറപ്പുവരുത്തി നേടിയെടുക്കേണ്ടതിന് | സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ<br>സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി കൈവരിക്കൽ | ജനുവരി |

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| | കലണ്ടറിനെപ്പറ്റി വ്യക്തമായ ഒരു ധാരണ കിട്ടുന്നു.<br>ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>ഗണിതപഠനം കളികളിൽ ഉറപ്പിക്കൽ<br>കലണ്ടർപതിപ്പ് തയ്യാറാക്കൽ<br>പാറ്റേണുകൾ കണ്ടെത്തൽ | ഫെബ്രുവരി,<br>മാർച്ച് |

Rev. Fr. T. C. M. M. U. P. S. MULAPPURAM.

Academic Master plan 2025-'26

STD - III 2025-2026

പരിസരപഠനം.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
| --- | --- | --- |
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രവൃത്തി നടത്താം<br>• വിത്തു മുളപ്പിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിത കാർഡ് നിർമ്മാണം | S.R.G |
| ജൂലൈ | • വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കുന്നു<br>• മണ്ണ് നിരീക്ഷണം<br>• ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | P.T.A, S.R.G |

(2)

| | | |
|---|---|---|
| ഓഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണം, poster നിർമ്മാണം.<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>• ആശയ പടം തയ്യാറാക്കൽ | S.R.G |
| സെപ്റ്റംബർ | • field Trip (പഴം പച്ചക്കറിക്കട)<br>• food festival -<br>• എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും<br>• BMI കാണുന്നു<br>• School പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണ രീതി<br>• Poster | PTA, MPTA |

| | | |
|---|---|---|
| ഒക്ടോബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>• Interview - ആരോഗ്യപ്രവർത്തകർ | SRG, PTA |
| നവംബർ | • ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>• Roleplay - റോഡ് നിയമങ്ങൾ<br>• First aid kit തയ്യാറാക്കൽ<br>• First Aid - Readers Theatre<br>• സ്വയം സുരക്ഷ - പത്ര cuttings ചർച്ച<br>• ബോധവൽക്കരണം | SRG, PTA<br>CPTA<br>PTA |
| ഡിസംബർ | • പരീക്ഷണങ്ങൾ<br>• നിരീക്ഷണ പ്രവർത്തനം<br>• ഗ്ലോബ് നിർമാണം<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എന്റെ കേരളം - ചിത്രരചന, കുറിപ്പ്, ചോദ്യോത്തരപയറ്റ്<br>• ഭൂപ്രകൃതി തിരിച്ചറിയൽ - Google map | |

| | | |
|---|---|---|
| ജനുവരി/ ഫെബ്രുവരി | • ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>• വ്യത്യസ്തതരം വീടുകൾ - Album<br>• വീട് നിർമ്മാണ ഇടം - സന്ദർശനം<br>• വ്യത്യസ്തതരം ജോലികൾ - Survey<br>• Interviews and field visit - പൊതുസ്ഥാപനം | SRG |
| മാർച്ച് | പഠനോത്സവം | PTA, MPTA, SRG, SSK |

Rev. Fr. T. C. M. M. U. P. S. MULAPPURAM.

Academic Master Plan. - 2025-'26

Standard: 3 - 2025-'26

English master plan.

Aim: To speak, Read & write English without any mistakes.

Time: June to March.

| Aims | Activities | Duration | Charge | Economic Source |
|---|---|---|---|---|
| To speak, read and write English without any mistakes. | To check the vocabulary and writing skills of pupils. | June to ~~July~~ March. | | |
| To develop listening skills and reading skills. | Pre test.<br>To develop listening skills: Games, Action songs. | June and July. | | |

| | | | | |
|---|---|---|---|---|
| | • Hello English Activities.<br>• Conversations<br>• skit stories<br>• Use ICT | | | |
| Speaking skills<br>To Identify the naming words from the picture.<br>• Identify the action words from the picture | make the simple sentences using the word about picture.<br>make simple description about the picture<br>Growing sentences, picture reading, self introduction | | | |
| • Develop the creative speaking and writing | Books readings<br>find words<br>collect and read | August and September | | |

| | | | | |
|---|---|---|---|---|
| | Past tense<br>Collect and read<br>Rhyming words<br>TB Activities<br><u>writing skills</u><br>make word web picture<br>description<br>Word chain<br>make words & sentences<br>Make riddles, conversations<br>Add more lines. | | | |
| To express thoughts, feelings etc... | Reading skills<br>- Library book reading<br>· Conversations, skit, stories,<br>Use ICT | October and November | | |

| | | | | |
|---|---|---|---|---|
| | Read notice<br>Develop story.<br>writing skills<br>· Description<br>· Thoughts | | | |
| Develop the creative speaking and writing | Reading skills<br>· Library books reading<br>· Conversations, skit stories<br>Use ICT<br>· Develop story<br>· Reads dairy.<br>writing skills<br>Diary.<br>Announcement | December and January. | | |

| | | | | |
|---|---|---|---|---|
| To improve the presentation power. | <u>Reading skills.</u><br>Library books reading<br>Conversation, skit stories<br>Develop story.<br><u>writing skills</u><br>· Diary<br>· Descriptions<br>· Thoughts<br>· Exhibition. | February and march. | | |

Std 4 English

| Learning outcome | Activity | Duration |
| --- | --- | --- |
| Describes pictures | picture description<br>* The teacher shows a picture<br>* Discussion<br>* The children talk about the picture | June |
| Arrange words in alphabetical order. | * Introducing the dictionary<br>* Given words<br>* Arranging words in alphabetical order. | July |
| conversation | * Reading the conversation<br>* Add more exchanges to the conversation | August |

| Learning Outcomes | Activity | Duration |
| --- | --- | --- |
| Identify rhyming words from the poem | * Discussion<br>* Identifies rhyming words | september<br>october |
| Add lines to a poem following a set patterns | * Let the learners adds lines to a poem | November<br>December |
| Riddles | Give children the opportunity to hear and answer simple riddles | January<br>February |
| simple project work given | * project works<br>* Gives instruction | march. |

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

# ഗണിതം (Std IV)

| | | | | |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# STD 5

## വിഷയം :ഗണിതം

## ക്ലാസ് തല മാസ്റ്റർ പ്ലാൻ

<u>ലക്ഷ്യങ്ങൾ</u>

- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്ന
- ഗണിത പഠനം രസകരമാക്കുക
- നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ ചെയ്യുന്നതിനുള്ള ശേഷി നേടുക
- പാറ്റേണുകൾ, വർക്ക് ഷീ റ്റുകൾ, ഗെയിം,പസ്സിൽ മുതലായവ ഉപയോഗപ്പെടുത്തി ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുക
- മനക്കണക്ക് ഉപയോഗിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാനുള്ള പ്രാവീണ്യം നേടുക
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു

| ഉപമേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | വിവിധ ഗണിത ആശയങ്ങൾ രൂപീകരിക്കുന്നതിനും അഞ്ചാംക്ലാസിലെ പഠന ലക്ഷ്യങ്ങളെ ഉൾക്കൊള്ളിച്ച് | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിത ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കാവുന്ന **TLM** പട്ടികപ്പെടുത്തുന്നു മാതാപിതാക്കളുടെ സഹായത്താൽ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് നിർമ്മാണം നടത്തുന്നു | | | |
| അടിസ്ഥാനശേഷി വികാസം | ഗണിതത്തിലെ അടിസ്ഥാന ശേഷികൾ തിരിച്ചറിഞ്ഞ് അവ കൃത്യമായ സൂക്ഷ്മതയോടെ ചെയ്യുന്നതിന് ഗെയിമുകൾ പസിലുകൾ പഠനപ്രവർത്തനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. പ്രീ ടെസ്റ്റ് സഹായ കുട്ടികളെ ഗ്രൂപ്പ് ആക്കുവാനും പിയർ ഗ്രൂപ്പിന്റെ സഹായത്താൽ | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ശേഷികൾ ആർജ്ജി ക്കുകയും പോസ്റ്റ് ടെസ്റ്റിന്റെ സഹായത്താൽ ശേഷി വികാസം ഉറപ്പിക്കുകയും ചെയ്യുന്നു | | | |
| ഐടി സാധ്യതകളിലൂടെ | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ടയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | എല്ലാ മാസവും | ഗണിത അധ്യാപിക | |
| ഗണിത പാർക്ക് | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ജൂൺ മുതൽ ഫെബ്രുവ രി വരെ | ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ജാമിതിയുടെ സൗന്ദര്യം | ജാമിതീയ ഉപകരണങ്ങൾ ശരിയായി ഉപയോഗിച്ചുകൊണ്ട് കൃത്യതയോടെയും സൂക്ഷ്മതയോടെയും ജാമിതീയ പാറ്റേണുകൾ നിർമ്മിക്കുന്നു | ജൂൺ മുതൽ നവംബർ വരെ | ഗണിത ക്ലബ്ബ് | |
| ഗണിതം രസകരം | ഗണിതത്തോടെ കുട്ടികൾക്ക് താല്പര്യ വളർത്തുന്നതിന് പാറ്റേണുകൾ ഗെയിമുകൾ പസിലുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ നവംബർ വരെ | ഗണിത ക്ലബ്ബ് | |
| പ്രായോഗിക പ്രശ്നം പരിഹരിക്കൽ | നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ ചുറ്റുപാടുകളും ആയി ബന്ധപ്പെടുത്തി | ജൂൺ മുതൽ ഫെബ്രുവരി വരെ | ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | അപഗ്രഥിക്കുന്നു ലളിതമാക്കി പ്രശ്നപരിഹരണം നടത്തുന്നു | | | |
| ഗണിത ക്ലിനിക്ക് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗ്ഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | | |

## L.P. പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക് കാണാക്കാഴ്ചകൾ. പൂമ്പാറ്റോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താരക. | സെപ്റ്റംബർ ഡിസംബർ | ടീച്ചേഴ്സ്, SRG | SMC |
| 2. നാടറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരായി. | ജനുവരി | SRG SMC | |
| 3. ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പുതയ്യാറാക്കൽ. | ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | | |
| 4. നിരീക്ഷണം അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷം | CPTA H.M | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപടമൊരുക്കാം<br>കേരളം – ഇന്ത്യ<br>ഭൂപടവായന<br>സൂചിക – പരിചയപ്പെടൽ. | ഭൂപടവായന<br>ഭൂപടരചന<br>സൂചിക നിർമ്മാണം | വർഷത്തിലൊരിക്കൽ | | |
